# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 56** **10/06/2014-ൽ മറുപടിക്ക്**

### മ്യൂസിയങ്ങളുടെ നവീകരണം

**ചോദ്യം** **ഉത്തരം**

ശ്രീ. പി.എ. മാധവൻ :
ശ്രീ. വി.പി.സജീന്ദ്രൻ :
ശ്രീ. ഐ.സി. ബാലകൃഷ്ണൻ :
ശ്രീ.വർക്കല കഹാർ :

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മ്യൂസിയങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | മ്യൂസിയങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു.<br>1) സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയത്തിന്റെ സഹായത്തോടെ നേപ്പിയർ മ്യൂസിയത്തിന്റെ പ്രദർശനം നവീകരിക്കുക<br>2) കോഴിക്കോട് ആർട്ട് ഗ്യാലറിക്ക് പുതിയ കെട്ടിടം ആധുനിക രീതിയിൽ നിർമ്മിക്കുക.<br>3)നാച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരിക്കുക. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;<br>വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | താഴെ പറയുന്ന ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.<br>1) സാംസ്കാരിക പൈതൃകത്തിന്റെ സാക്ഷ്യപത്രങ്ങളായ മ്യൂസിയങ്ങളുടെ തനിമ നിലനിറുത്തി ആയത് പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുക<br>2) വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാന സമ്പാദനത്തിന് ഉതകുന്ന ഒരു സ്ഥാപനമാക്കി ഉയർത്തുക<br>3)മ്യൂസിയങ്ങൾ, ആർട്ട് ഗ്യാലറികൾ എന്നിവയിൽ പ്രദർശിപ്പിച്ചിട്ടുള്ള കലാവസ്തുക്കളുടെ സഹായത്താൽ. എന്നെന്നും സംരക്ഷിക്കപ്പെടേണ്ട മഹത്തായ കലാസാംസ്കാരിക പാരമ്പര്യത്തെപ്പറ്റി പുതിയ തലമുറയിൽ അറിവും അവബോധവും സൃഷ്ടിക്കുക.<br>(4) പൊതുജനങ്ങളെ പ്രത്യേകിച്ച് ഇളംതലമുറയെ മൃഗശാലയുടെ വിദ്യാഭ്യാസ പരിപാടികളിലൂടെ വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാക്കുക.<br>(5) ഗ്രൂപ്പായി വരുന്ന സന്ദർശകർക്ക് ഗൈഡിന്റെ സേവനം ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| (സി) | മ്യൂസിയങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (സി) | മ്യൂസിയങ്ങളിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>1)സന്ദർശകർക്ക് ഗൈഡിന്റെ സേവനം ലഭ്യമാക്കുക.<br>2) സന്ദർശകർക്ക് കുടിവെള്ള സൗകര്യം<br>3)സന്ദർശകർ കൊണ്ടുവരുന്ന ബാഗ്, മറ്റു സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ക്ലോക്ക് റൂം നിർമ്മിക്കുക.<br>4) രോഗികൾക്കും പ്രായമായവർക്കും വീൽ ചെയർ സൗകര്യം ഏർപ്പെടുത്തുക<br>5) മ്യൂസിയങ്ങളിൽ റസ്റ്റ് ചെയ്യുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാക്കുക. |
| (ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 1) സന്ദർശകർക്ക് ഗൈഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br>2) സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>3)ക്ലോക്ക് റൂം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടു നടപടി സ്വീകരിച്ചു വരുന്നു.<br>4) ഗ്രൂപ്പായി വരുന്ന സന്ദർശകർക്ക് (സ്കൂൾ കുട്ടികൾ ഉൾപ്പെടെ) മ്യൂസിയങ്ങളെക്കുറിച്ച് എഡ്യൂക്കേഷൻ ഓഫീസർ, ക്യൂറേറ്റർ, ഗൈഡ് ലക്ചറർ എന്നിവർ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. |

[signature]
സെക്ഷൻ ഓഫീസർ